**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1920 — 14.08.2017-ൽ മറുപടിയ്ക്ക്

**ഫാർമസി കോളേജുകളുടെ പി.സി.ഐ അംഗീകാരം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഭൂരിഭാഗം ഫാർമസി കോളേജുകൾക്കും പി.സി.ഐ അംഗീകാരമില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ ഫാർമസി കോളേജുകൾക്കും 2016-17 വരെ പി.സി.ഐ. അംഗീകാരം ഉണ്ട്. ഇതിൽ ഭൂരിഭാഗം കോളേജുകൾക്കും പി.സി.ഐ. അംഗീകാരം 2017 ന് ശേഷവും പുതുക്കിയിട്ടുണ്ട്. ചില കോളേജുകളിൽ മാത്രം പരിശോധന നടത്തി അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) | പല കോളേജുകൾക്കും മുമ്പ് ലഭിച്ച അംഗീകാരത്തിന്റെ പിൻബലത്തിലാണ് ഇപ്പോഴും പ്രവേശനം നടത്തുന്നതെന്ന കാര്യം പരിശോധിക്കുകയുണ്ടായോ; | | |
| (സി) | കോഴ്സ് ആരംഭിച്ചതിനുശേഷം പരിശോധന നടത്തുമ്പോൾ അംഗീകാരം പുതുക്കി ലഭിച്ചില്ലെങ്കിൽ ഇത്തരം സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാകുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ആരോഗ്യസർവ്വകലാശാലയുടെ അഫിലിയേഷനും എ.ഐ.സി.ടി.ഇ/ പി.സി.ഐ എന്നീ സ്ഥാപനങ്ങളുടെ അംഗീകാരവും ഉള്ള കോളേജുകളിൽ മാത്രമേ സർക്കാർ മെരിറ്റ് സീറ്റുകളിലേക്കുള്ള പ്രവേശനം നടത്തിയിട്ടുള്ളൂ. അതിനാൽ വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാകുന്ന സാഹചര്യം ഉണ്ടാകുന്നില്ല. |
| (ഡി) | പരിശോധനയിൽ അംഗീകാരം റദ്ദായാൽ പാഴാകുന്നത് വിദ്യാർത്ഥികളുടെ നാലു വർഷവും ഫീസിനത്തിൽ അവർ നൽകിയ ലക്ഷങ്ങളുമാണെന്ന വസ്തുത പരിശോധിക്കുകയുണ്ടായോ ; | (ഡി) | സ്വാശ്രയ മാനേജ്മെന്റ് സീറ്റുകളിലേക്ക് പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ അതാത് കോളേജുകൾക്ക് ആരോഗ്യസർവ്വകലാശാല/ എ.ഐ.സി.ടി.ഇ/ പി.സി.ഐ എന്നിവയുടെ അംഗീകാരമുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. |
| (ഇ) | പി.സി.ഐ പരിശോധന സമയബന്ധിതമായി നടത്തുന്നതിനും അംഗീകാരമുള്ള സ്ഥാപനങ്ങൾ മാത്രം പ്രവർത്തിപ്പിക്കുന്നതിനും സർക്കാർ തലത്തിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളും ; വിശദാംശങ്ങൾ നൽകുമോ ? | (ഇ) | സമയബന്ധിതമായി പി.സി.ഐ പരിശോധന നടത്തുവാൻ അതാതു കോളേജുകൾ തന്നെ നടപടികൾ സ്വീകരിക്കുകയും പി.സി.ഐ യെ അറിയിക്കുകയും ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ നടപടികൾ കൈക്കൊള്ളേണ്ടതില്ല. |

സെക്ഷൻ ഓഫീസർ